പതിനാലാം കേരള നിയമസഭ

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2120** — 11-03-2020 ൽ മറുപടിക്ക്

## കാസർഗോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിലെ പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) | കാസർഗോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്താമോ; | എ) | കാസർഗോഡ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ ഇപ്പോൾ 150 സ്ഥിരം ജീവനക്കാരും 24 കരാർ ജീവനക്കാരുമുണ്ട്. |
| ബി) | ഇവർക്ക് എത്രമാസമായി ശമ്പളം കിട്ടുന്നില്ല എന്നും ഈ പ്രതിസന്ധിക്ക് കാരണമെന്തെന്നും വ്യക്തമാക്കാമോ; | ബി) യും സി) യും | 15 മാസമായി ശമ്പളം നൽകുന്നില്ല. എന്നാൽ പലതവണകളായി ഇടക്കാലാശ്വാസം എന്ന നിലയ്ക്ക് ചെറിയ തുകകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കമ്പനിക്ക് 6.65 കോടി രൂപയുടെ സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. |
| സി) | മാസങ്ങളോളമായി ശമ്പളം കിട്ടാത്ത ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശമ്പളം ലഭിയ്ക്കുവാൻ സ്വീകരിച്ച ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |
| ഡി) | കാസർഗോഡ് ജില്ലയിലെ പൊതുമേഖല സ്ഥാപനമായ ബി.എച്ച്.ഇ.എല്ലിനെയും സ്ഥാപനത്തിലെ ജീവനക്കാരെയും രക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ഡി) യും (ഇ) യും | ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലെ ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചിരുന്നു. ഈ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ താൽപര്യം പരിഗണിച്ച് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലെ ഭെല്ലിന്റെ 51% ഓഹരികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പൂർത്തിയാക്കി ഉത്തരവിറക്കിയെങ്കിലും കേന്ദ്രസർക്കാരിൽ നിന്ന് അന്തിമ അംഗീകാരം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽ |
| (ഇ) | ഇത്തവണ ബഡ്ജറ്റിൽ ബി.എച്ച്.ഇ.എല്ലിന്റെ പുനരുജ്ജീവനത്തിന് തുക നീക്കിവച്ചിരുന്നോ; എങ്കിൽ എത്ര തുകയാണ് നീക്കി വച്ചത്; നിലവിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് കൈമാറാത്ത പ്രസ്തുത സ്ഥാപനത്തിന് ഈ തുക ചെലവഴിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | | |

(എഫ്) ബി.എച്ച്.ഇ.എല്ലിലെ പ്രതിസന്ധി എപ്പോഴാണ് പരിഹരിക്കാനാകുകയെന്നും അതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

(എഫ്) നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല

ഉം

സെക്ഷൻ ഓഫീസർ